കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമി
ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. ആസൂത്രണസമിതി 20.12.2021 1(1
തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അ
വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയു
ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്
പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 3
ലഭ്യമാക്കിയിട്ടുള്ളത്.

ആസൂത്രണ സമിതിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ, പതിനാലാം
പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന
സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2
വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 20.12.2021 1
തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീക
നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ട

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്ര
അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ
പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്
ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്ട്സ് ചെയ്തിട്ടില്ല.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലേയും വികസന
കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉ
അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

<u>ഗ്രാമസഭ</u>

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ
പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർ
നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യ
എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ
പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്ര
അവതരിപ്പിച്ചിട്ടുണ്ട്.

പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 246 | 180 | 66 | 182069809 | 66840463 | 36.71 % |

വായ്പ.

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ ന നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്ത വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശ് തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, വീട്ടുവളപ്പിലെ മത്സ്യകൃഷി എന്ന പ്രോജക്ടിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഹിത ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാ സംയോജിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന േ നടപ്പിലാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരു Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലു റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആ കാലികമാകി സൂക്ഷിക്കുന്നില്ല.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമ ബാലൻസ് പരിശോധന 11-09-2023 തീയതിയിൽ 3.22 പി.എം-ന് ഉത്ത ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന (ഒൻപതിനായിരത്തി എഴുപത്തിനാല്) രൂപയുടെ ക്യാഷ് ബാലൻസിന് ബോധ്യപ്പെട്ടു.

## 1-7 സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന്റെ അവലോകനം

A. 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് അനുവദി ക്ഷേമപദ്ധതികളുടെയും നൽകിയ തുകയുടെയും വിവരങ്ങ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5880500/- | 587 |
| വികലാംഗ പെൻഷൻ | 4077600/- | 385 |
| വിധവാ പെൻഷൻ | 11597100/- | 1105 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000/- | -- |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള വിവാഹ ധനസഹായം | 620200/- | 65 |
| വാർദ്ധ്യകാല പെൻഷൻ | 30392400/- | 2934 |

B) പെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-2027 വർഷത്തിലേ( തയ്യാറാക്കിയ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് ( രേഖപ്പെടുത്തിയിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരവ പൊരുത്തപ്പെടുന്നില്ല.

| പെൻഷൻ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ | എണ്ണം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 587 | 924 | 337 |
| വികലാംഗ പെൻഷൻ | 385 | 338 | 47 |
| വിധവാ പെൻഷൻ | 1105 | 1042 | 63 |
| വാർദ്ധ്യകാല പെൻഷൻ | 2934 | 2101 | 833 |

മേൽ അപാകതയ്ക്ക് വിദശീകരണം ലഭ്യമാക്കാൻ നൽകിയ അന്വേ( 37/23 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

C) 2022-23-ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വിധവകളുടെ പെ( വിവാഹധനസഹായമായി 120000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്ര( സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപ സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും

നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും

ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ വിസ്തീർണം കൃത്യമാക്ക ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് ഈടാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

ഐ എൽ ജി എം എസിൽ വൗച്ചറുകളും അനുബന്ധ രേഖകളും ചെയ്തിട്ടുണ്ട്.വൗച്ചർ ലിസ്റ്റ് ഓഡിറ്റർ ലോഗിനിൽ ലഭ്യമാകുന്നില്ല. ധനകാര്യ പത്രികയിൽ വന്ന അപാകങ്ങൾ ഖണ്ഡിക 1-1 ൽ പരാമർശിച്ച ബജറ്റ് തയാറാക്കുന്നതിലെ അപാകതകൾ വരും വ പരിഹരിക്കേണ്ടതാണ്.
റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർ നൽകിയിട്ടുണ്ടെങ്കിലും, ആയത് പൂർത്തീകരിക്കപ്പെട്ടിട്ടില്ല.രജി പരിപാലനത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.
വരവുരജിസ്റ്ററുകൾ, മുൻകൂർ, വായ്പാ, ഡെപ്പോസിറ്റ് രജിസ്ററുക രജിസ്റ്ററുകൾഎന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കു

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 852604 | 1212822 * (1147564 + 65258) | 2065426 | 2000239 | **65187 (0+65187) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക (I14 C പ്രകാരം) | 0 | **52071228** | **52071228** | **52071228** | 0 |
| ആകെ | 852604 | 53284050 | 54136654 | 54136714 | 0 |

* 2022-23 സാമ്പത്തിക വർഷം സെക്രട്ടറിയുടെ പേരിൽ എൻ.ആർ.ഇ.ജി.എസ് വെണ്ടർ അക്കൌണ്ടിലെ തൻവർഷ വരവുക എൻ.ആർ.ഇ.ജി.എസ് അഡ്മിൻ അക്കൗണ്ടിലെ വരവിലേയ്ക്ക് കൂട്ടിച്ചേർത്ത തുകയാണ് ധനകാര്യപത്രികയിൽ അഡ്മിൻ രേഖപ്പെടുത്തിയിരിക്കുന്നത്.

** നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് NREGS അഡ്മിൻ (Rs . (65187/-) അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 10.05.2016-26.05.2016 | 2011-12 മുതൽ 2015-16 വരെ | 14.07.2016 |
| പെർഫോമൻസ് ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | | |

## 1-11 വ്യവസായ/വാണിജ്യ ലൈസൻസ് - കൃത്യമായ ഫ ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ വ്യവസായ/വാണിജ്യ ലൈസൻ പ്രകാരം പന്ത്രണ്ടാം വാർഡിലെ 293/A, B എന്നീ കെട്ടിടങ്ങളിൽ പ്രവർ ഗ്രാന്റ് റസിഡൻസി എന്ന സ്ഥാപനത്തിന് റെസ്റ്റാറന്റ്, ലോഡ നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. സേവന മേഖലയിൽ ഉൾ സ്ഥാപനങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന അമ്പത് ലക്ഷം രൂപ വീതം ആകെ ഒരു കോടി രൂപയാണ്. എന്നാ റസിഡൻസി എന്ന സ്ഥാപനത്തിന് പൊലൂഷൻ കൺട്രോൾ ബോർഡ ലഭ്യമായ നം. PCB/TVM-DO/NTA/ICO/HTL/38/20202 Dt: 8/8/2020 സർട്ട രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം 345.06 ലക്ഷം രൂ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിൽ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഈടാക്കിയ ലൈസൻസ് ഫീ | രസീത് നം. / തീയതി | സ്ഥാപനം |
|---|---|---|---|
| 293 / A | 2000/- | 122010087/20.4.2022 | റെസ്റ്റാറന്റ് |
| 293 / B | 4000/- | 1220100186/20.4.2022 | ലോഡ്ജ് |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കു പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 പട്ടിക II ക്രമ നം. 4 പ്രകാരം സേവന മേഖലയിൽ 2 കോട കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമാ നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് 10000/- രൂപയാണ് വാർഷിക ഫീ ആയി ഈടാക്കേണ്ടത്.

മേൽ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറി സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന 400 വർഷങ്ങളിൽ ലൈസൻസ് അനുവദിക്കുന്ന വേളയിൽ ലൈ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെ നൽകി. പഞ്ചായത്തിന്റെ തനത് വരുമാനത്തിന് കുറവ് വരുത്തു ഉടനടി ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 1994- ലെ കേരള പഞ്ച

ആക്ട് വകുപ്പ് 234 (3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള
പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു
കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തി
നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ
വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ
12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥര
ഈടാക്കാം. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3മാസത്തിനകം മേ
കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃതം ലൈസൻസ് ഫീ ഈടാക
മുതലുള്ള) രസീതിന്റെ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിന് ലഭ്യമാക
ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

## 1-12 ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.നഷ്ടപ്പെട്ട തുക ഈടാക്കണം

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുസര
നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത കെട്ടിടത്തിന്റെ
ഫോം 6-ൽ രേഖപ്പെടുത്തി സെക്ഷൻ 203 പ്രകാരം നികുതി നിശ
നികുതി നിശ്ചയിച്ചതിനുശേഷം ഉപയോഗക്രമത്തിലുള്ള മാറ്റം
സെക്രട്ടറിയെ അറിയിക്കേണ്ടതും, ആയത് അനുസരിച്ച്
പുനർനിർണ്ണയിക്കേണ്ടതുമാണ്. A3-BA-251769 (തീയതി-19-6-2018)നമ്പ
പ്രകാരം (ഗ്രൂപ്പ് A1-പാർപ്പിട അപ്പാർട്ട്മെന്റ്) നിർമ്മാണം പൂ
കെട്ടിടത്തിന് 1802.68M2- വിസ്തീർണം ഉണ്ട്. പ്രസ്തുത കെട്ടിത്തിന്
ഭാഗത്തിന് 12/293 Aഎന്ന നമ്പർ നൽകി വാണിജ്യാവശ്യത്തിനായി A3/5
ഒക്യുപൻസി സർട്ടിഫിക്കറ്റും, 1247.63M2 കെട്ടിട ഭാഗത്തിന് 12/293 B
നൽകി സ്പെഷ്യൽ റെസിഡൻഷ്യൽ എന്ന ഉപയോഗത്തിന്
സർട്ടിഫിക്കറ്റും നൽകി. ആയത് പ്രകാരം സഞ്ചയയിൽ 12/293 A
കെട്ടിടത്തിന് റെസ്റ്റാറെന്റ് എന്ന ഉപയോഗക്രമത്തിന് ചതുരശ്രമീറ്റ
നിരക്കും, 12/293 B എന്ന നമ്പർ കെട്ടിടത്തിന് **പാർപ്പിടം** എന്ന ഉപയോ
ചതുരശ്രമീറ്ററിന് 5/- രൂപ നിരക്ക് നിശ്ചയിച്ചും നികുതി ഈടാക്കി വരു

12/293-B നമ്പർ കെട്ടിടത്തിന് സഞ്ചയ പ്രകാരം ആകെ വിസ്തീർണ
ആണെന്നും, ഉപയോഗക്രമം പാർപ്പിടം എന്നും രേഖപ്പെടുത്തി 5/- രൂപ
വസ്തുനികുതി 2020 രണ്ടാം പകുതി മുതൽ നികുതി ഈടാക
വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചുമത്തിയ അടിസ്ഥാന നികുതി | ആകെ നികുതി |
|---|---|---|
| 2020 ആദ്യപകുതി | 4211/- | 4422/- |
| 2020 രണ്ടാം പകുതി | 4211/- | 4422/- |
| 2021ആദ്യപകുതി | 4211/- | 4422/- |
| | | |

| | | |
|---|---|---|
| 2021 രണ്ടാം പകുതി | 4211/- | 4422/- |
| 2022ആദ്യപകുതി | 4211/- | 4422/- |
| 2022 രണ്ടാം പകുതി | 4211/- | 4422/- |
| 2023ആദ്യപകുതി | 4422/- | 4644/- |
| | 29688/- | 31176/- |

എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമയായ സേവ്യയർ മാത്യു. എന്നയാ ലെ B4/2022/22 നമ്പർ ഫാക്ടറി/വ്യാപര /സംരംഭകത്വം/ മറ്റ് സേ ലൈസൻസിനുള്ള അപേക്ഷ പ്രകാരം 12/293-B നമ്പർ കെട്ടിടത്തി പ്രവർത്തിക്കുന്നതിനായുള്ള ലൈസൻസിന് അപേക്ഷ നൽകുകയ പ്രകാരം പഞ്ചായത്തിലെ 2022-23-ലെ ലൈസൻസ് രജിസ്റ്റർ (പേജ് -4 നമ്പർ- 16) പ്രകാരം ഗ്രാൻഡ് റെസിഡൻസിയിൽ ലോഡ്ജ് ( 1220100186/20/4/2022 നമ്പർ രസീത് പ്രകാരം 6505/- രൂപ ഈടാക്കി അനുവദിച്ചു നൽകുകയും ചെയ്തു. കൂടാതെ പ്രസ്തുത കെട്ടിടത്ത നടത്തുവാൻ 2021-22-ലും Ap/2612/20/21/22 തിയതി- 13/4/2021 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ തന്നെ ഉപയോഗക്രമം സാക്ഷ്യപ്പെടുത്തിയിട്ടും പ്രസ്തുത കെട്ടിടത്തിന് സഞ്ചയയിൽ **പാർ** ഉപയോഗക്രമത്തിൽ നികുതി ഈടാക്കുന്നത് ഉപയോഗക്രമം മ പരിഷ്ക്കരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം കൊണ്ടിരിക്കുന്നതായി വ്യക്തമായി.

പ്രസ്തുത കെട്ടിടം ഉടമതന്നെ ലോഡ്ജ് എന്ന് സാക്ഷ്യപ്പെടുത്തുകയും ഗ്രാ ലോഡ്ജിന് ലൈസൻസ് നൽകിയിട്ടും ഉപയോഗക്രമം മാറ്റി നിശ്ചയിക്കാത്തതു കാരണം സംഭവിച്ച നികുതി നഷ്ടം ചുവടെ ചേർക്ക

| വർഷം | സഞ്ചയിൽ ചുമത്തിയ അടിസ്ഥാന നികുതി (1m2-ന് 5/- നിരക്കിൽ) 1247.63M2 ചതുരശ്ര മീറ്ററിന് | ചുമത്തേണ്ട അടിസ്ഥാന നികുതി (1m2-ന് 30/- നിരക്കിൽ) |
|---|---|---|
| 2020 ആദ്യ പകുതി | 4211/- | 18714/- |
| 2020 രണ്ടാം പകുതി | 4211/- | 18714/- |
| 2021 ആദ്യ പകുതി | 4211/- | 18714/- |
| 2021 രണ്ടാം പകുതി | 4211/- | 18714/- |
| 2022 ആദ്യ പകുതി | 4211/- | 18714/- |

| | | |
|---|---|---|
| 2022 രണ്ടാം പകുതി | 4211/- | 18714/- |
| **ആകെ** | **25266/-** | **112284/-** |

പ്രസ്തുത കെട്ടിടം ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ (30/-നിരക്ക ചുമത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് 2022 രണ്ടാം പകുതി വരെ ( 87018/-) **87018/-** രൂപ അടിസ്ഥാന നികുതിയിൽ മാത്രം നഷ്ടപ്പെട്ടതാ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.ആയതിനാ കണ്ടെത്തിയ നികുതി നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കാനും, കെട്ട ഉപയോഗക്രമം മാറ്റുന്നതിന് ഉടമ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ അ രേഖയും ഓഡിറ്റിന് ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ നൽകിയ മറുപടിയിൽ ഉടമയുടെ അപേക്ഷ പരിഗണിച്ച് 12/293 A ന കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള നിരക്ക് രേഖപ്പെടുത്തി നികുതി ഈടാക്കുന്നതായും, എന്നാൽ 12/293-B നമ്പർ കെട്ട ഉപയോഗക്രമം ലോഡ്ജ് ആക്കി മാറ്റുന്നതിൽ വീഴ്ച സംഭവിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി 2020 ആദ്യപകുതി മുതൽ നഷ്ട ഈടാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് അറിയ റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം 2020 ആദ്യപകുതി മുതൽ നഷ്ടപ്പെട്ട വ (അടിസ്ഥാനനികുതി-30/- രൂപ നിരക്കിൽ) ആയതിന്റെ 40% വർദ്ധന (15% തറനിർമ്മിതിയ്ക്കും, 20% വഴിസൗകര്യത്തിനും, 5% ലൈബ്ര ഈടാക്കിയും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും സഹിതം അറിയിക്കാത്ത പക്ഷം 1994-ലെ കേരള കേരള പഞ്ചായത്ത വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണ കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്ക നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-13 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിലെ അപാകങ്ങൾ പരിഹരിക്കണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്ന സഞ്ച വെയറിൽ 2022-23 വർഷത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പെർമിറ്റ് വിവരങ്ങൾ, ഉപയോഗക്രമ അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി കണ്ടെത്തിയ ചില കെട്ടിടങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1.

| ഫയൽ നമ്പർ | കെട്ടിട വിസ്തീർണം | കെട്ടിട നമ്പർ |
|---|---|---|
| SC3-4682/22 | 244.51M2 | 9/8B |
| SC3-4341/22 | 105.32M2 | 8/365A |
| SC3-2569/22 | 205M2 | 10/358A |
| | | |

| | | |
|---|---|---|
| SC3-4739M2/22 | 34.96M2 | 12/288A |

കെട്ടിടനിർമ്മാണ പെർമിറ്റ്, കെട്ടിടത്തിന്റെ ഉപയോഗക്രമം മുതലാ സേഫ്റ്റ് വെയറിൽ രേഖപ്പെടുത്താതെ നമ്പർ നൽകുന്നതിന് വി ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 28/23 -ന് നൽകിയ മ അപാകങ്ങൾ തുടർവർഷങ്ങളിൽ പരിഹരിക്കു അറിയിച്ചു.കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് മുമ്പായി കെ പൂർണവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. കെട്ടിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുവാൻ ഉ ചുമതലപ്പെടുത്തിയിട്ടില്ല.

കേരള കെട്ടിടനിർമ്മാണ ചട്ടം (12) പ്രകാരം ഒരു കെട്ടിടത്തെ സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ ഒ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. അപ്രകാരം ഉ ചുമതലപ്പെടുത്താത്ത പക്ഷം പഞ്ചായത്തിന് സംഭവിക്കുന്ന നികുതി സെക്രട്ടറി ഉത്തരവാദിയായിരിക്കും. 2022-23 വർഷത്തിൽ നമ്പ കെട്ടിടങ്ങളുടെ ഫോം നമ്പർ 6 പരിശോധിച്ചതിൽ ഒരു കെട്ടിടത്തിന് നമ്പർ 6 ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്ന് പൂർത്തീകരിച്ച കെട്ടിടങ്ങൾ സാങ്കേതിക വിഭാഗം പരിശോധിച്ച് കെട്ടി ചട്ടങ്ങൾ പാലിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ മാത്രം നമ്പർ അനുവദിക്കുകയും അടിസ്ഥാനവിവരങ്ങൾ സ രേഖപ്പെടുത്തുകയും ചെയ്യുന്നു. കെട്ടിടങ്ങളുടെ ഉപയോഗക്ര നിർമ്മിതി,റോഡ് വീതി, മേഖല, തുടങ്ങിയ വിവരങ്ങൾ ഉദ്യോ പരിശോധിച്ച് രേഖപ്പെടുത്താത്തതിനാൽ കൃത്യമായ വസ്തുനികുതി പ ലഭിച്ചതായി ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കെട്ടിട പൂർത്തീകരിച്ച് സമർപ്പിക്കുന്ന (ഫാറം നമ്പർ-2) അപേക്ഷകൾ പ്രക നമ്പർ 6 പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചി ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 28/23- മറുപടിയിൽ അപ്രകാരം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ലായെന്നു പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. നിർമ്മാണം പൂർത്തീകര ലഭിക്കുവാൻ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രകാരം കെട്ടിടങ്ങൾ വിഭാഗം ഉദ്യോഗസ്ഥർ പരിശോധിക്കുമ്പോൾ തന്നെ ഫോം പരിശോധിക്കുവാൻ നിർദ്ദേശം നിൽകാവുന്നതും അല്ലായെങ്കിൽ ഉ നിയോഗിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ

## 1-14 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നട ഊർജിതമാക്കണം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കുവൻ അവശേഷിക്കുന്ന വ കുടിശ്ശിക **1813964/-** രൂപയാണ്. സർക്കാർ തലത്തിൽ 100% നികുതി പ ലക്ഷ്യം നേടുന്നതിനായി ഇൻസെന്റീവ് ഉൾപ്പടെ നൽകുന്ന അ

ലക്ഷ്യം നേടാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ജനറൽ ആവശ്യമായ നിർദ്ദേശങ്ങളും, സഹകരണവും ഉദ്യോഗസ്ഥർക്ക് നൽ വസ്തുനികുതി കൂടിശ്ശിക 10000/- രൂപയിൽ കൂടുതൽ വരുത്ത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയത് ചുവടെ ചേർ

| കെട്ടിട നമ്പർ | കൂടിശ്ശിക തുക |
|---|---|
| 1/ 341 | 21124/- |
| 1/502 | 12600/- |
| 5/144a | 19575/- |
| 5/355 | 10260/- |
| 6/431a | 14371/- |
| 8/293a | 10732/- |
| 9/416 | 16085/- |
| 11/115a | 10206/- |
| 12/415a | 50400/- |
| 12/656 | 17330/- |
| 13/229a | 14778/- |
| 13/439 | 14180/- |
| 13/586 | 16540/- |
| 16/6b | 22680/- |
| 16/87a | 22607/- |
| 17/587 | 15750/- |

ചുവടെ വിവരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുത ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ടവർ നമ്പർ | പേര് | കുടിശ്ശിക കാലയളവ് | കൂടിശ്ശിക തുക |
|---|---|---|---|
| 9/120a | BSNL | 2022 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 7927/- |
| 12/415A | മാനേജർ ഡിഷ് നെറ്റ് | 2013 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 53046/- |
| 15/276 A | BSNL | 2022 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 7207/- |

പഞ്ചായത്ത് രാജ് നിയമം പ്രകാരം മേൽ വിവരിച്ചതും അല്ല വസ്തുനികുതി കൂടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച ന വിവരം രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേ 11/23, 34/23 -ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കു അറിയിച്ചു. 1997- ലെ കേരള പഞ്ചായത്ത് രാജ് രാജ് /മുൻസിപ്പാലിറ്റി (

രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാര
ഉത്തരവുകളുടെയും, പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിന
ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലം നഷ്ടങ്ങൾക്ക്
ജോലിവിഭജനം അനുസരിച്ചുള്ള ഉദ്യോഗസ്ഥനോ, ജീവ
ആയിരിക്കുന്നതും ഇക്കാര്യത്തിൽ അയാളുടെ മേലുദേ
സെക്രട്ടറിയ്ക്കും മേൽനോട്ട പിശകിനും ഉത്ത
ഉണ്ടായിരിക്കുന്നതുമാണ്. ആയതിനാൽ കെട്ടിടനികുതി കൂടിശ്ശി
സമയപരിധിയ്ക്കുള്ളിൽ ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസുകൾ
റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും കൂടിശ്ശിക
ഉറപ്പുവരുത്തുവാൻ ഉദ്യാഗതലത്തിലും,ഭരണതലത്തിലും
ഊർജിതമാക്കി തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമി അപേക്ഷകൾ തീർപ്പാക്കുന്നില്ല

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ട
സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭി
കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെ
നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീതും ലഭ
ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ
കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വര
പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി
AIAയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂച
രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും ,അപ്ര
അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക
ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9,
അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15ദിവ
അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ച
അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സെറ്റ് പ്ലാൻ സാക്ഷ
അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക
നൽകേണ്ടതുമാണ്. അപ്രകാരം 2022-23-ൽ പഞ്ചായത്ത് നൽകിയ പെർ
വിവരങ്ങൾ അടങ്ങിയ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അ
നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പരിശോധിച്ച് പെർമിറ്റ്
സമയപരിധിയ്ക്കുള്ളിൽ നൽകാൻ സാധിക്കാത്തതിനുള്ള വിവ
രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെർമിറ്റ് ഫയലുകളിൽ അ
ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതിന്റെ
രജിസ്റ്ററിൽ ലഭ്യമല്ല. അപ്രകാരം കണ്ടെത്തിയ ഏതാനും ഫയലുകള്
ചുവടെ വിവരിക്കുന്നു.

| പെർമിറ്റ് അപേക്ഷാ നമ്പർ തീയതി | സെക്രട്ടറി പെർമിറ്റ് നൽകിയ തീയതി |
|---|---|
| SC3-2450/22 31/8/2022 | 4/2/2023 |

| | |
|---|---|
| Sc3-2426/22<br>30/8/2022 | 11/10/2022 |
| Sc3-2515/22<br>5/9/22 | 2/4/2023 |
| Sc3-3133/22<br>28/9/2022 | 8/11/22 |
| Sc3-3546/22<br>26/10/2022 | 30/11/22 |
| Sc3-4619/22<br>6/12/2022 | 16-1-23 |
| Sc3-4828/22<br>17/12/22 | 8-3-2023 |
| Sc3-44/23<br>4/1/2023 | 3/5/2023 |
| Sc3-846/23<br>15-2-2023 | 18-3-2023 |
| Sc3-914/23<br>20-2-23 | 20-6--2023 |
| Sc3-1409/23<br>18/3/2023 | 4-5-2023 |
| Sc3-1306/23<br>24-3-23 | 3-5-2023 |
| Sc3-1549/23<br>25-3-2023 | 3-5-23 |
| Sc3-1600/23<br>28-3-23 | 19-5-23 |
| Sc3-1646/23<br>29/3/23 | 17-5-23 |
| Sc3-1647/23<br>29/3/23 | 15-5-23 |
| Sc3-1694/23<br>31/3/23 | 1-5-23 |
| Sc3-1700/23<br>31/3/23 | 1-5-23 |

മേൽ വിവരിച്ചതും അല്ലാത്തതുമായ പെർമിറ്റ് അപേക്ഷകൾ പ
സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്നും, കാലത
കാരണം സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ലായെന്നും രജിസ്റ്റർ പരിശേ
വ്യക്തമായതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 20/23 -ന് മ
ഫ്രണ്ട് ഓഫീസിൽ അപേക്ഷകൾ പരിശോധിച്ച ശേഷമാണ് അ

സ്വീകരിക്കുന്നതെന്നും,ഒറ്റതവണ നികുതിയിലെ വിസ്തീർണത്തി
പരിഹരിക്കേണ്ടതിനാലും, പെർമിറ്റ് ഫീസ് അടവാക്കുന്നതിലെ കാ
ആണ് കാരണമെന്ന് അറിയിച്ചു. അപേക്ഷകൾ സ്വീകരിക്കു
രേഖകൾ ഒത്തുനോക്കി നിയമാനുസൃതം പെർമിറ്റ് അ
തീർപ്പാക്കാത്തതിനുള്ള നടപടിയും, അപാകങ്ങൾ പരിഹ
അപേക്ഷകന് കത്തു നൽകുന്നുവെങ്കിൽ ആയത് രേഖപ്പെടുത്തുവാ
സ്വീകരിക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി നിർണ്ണയം-തുടർനടപടികളിലെ അപാകങ്ങൾ പരിഹരിക്കണം

A. റോഡ് മാപ്പ് അപൂർണം.

റോഡുകളുടെ പേര്, നീളം, വീതി എന്നിവ ഉൾപ്പെടുത്തിയ പഞ്ച
റോഡ് മാപ്പ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത്
ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 19/23-ന് ഹാജരാക്കിയ റോ
റോഡുകളുടെ വീതി രേഖപ്പെടുത്തിയിട്ടില്ല.

B. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ശേഷം കെട്ടിട ഉടമ സമർപ്പിക്ക
നമ്പർ 2-ൽ (ചട്ടം (11)) സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണെന്ന്
നടത്താൻ ചട്ടം12 പ്രകാരം ഫോം നമ്പർ 6-ൽ വിവര ശേഖരണം നട
ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണ്ടതാണ്. എന്നാൽ ചട്ടം 12 പ്രകാരം
6-ൽ വിവര ശേഖരണം നടത്താൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയി

C. 2022-23 വർഷത്തിൽ കെട്ടിടനിർമ്മാണ ചട്ടം 96 പ്രകാരം നട
കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

D. കെട്ടിടനിർമ്മാണ ചട്ടം 104 പ്രകാരം ഓരോ 3 മാസവും
കെട്ടിടനിർമ്മാണം, പെർമിറ്റ്, അനധീകൃത കെട്ടിടങ്ങളുടെ നിർമ്മാ
സംബന്ധിച്ച് സെക്രട്ടറി സർക്കാറിന് റിപ്പോർട്ട് നൽകേണ്ടതാണ്. എ
വർഷത്തിൽ അപ്രകാരം റിപ്പോർട്ട് തയ്യാറാക്കി സർക്കാറിന് നൽകിയ
E. കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കി

2019 -ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 (
നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച മീറ്റർ വരെയുള്ള വാണിജ്യ
ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യുപൻസികൾ ഒഴികെ എന്നിവ ഒ
കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റികൾ നൽകി 2 വർഷ
സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധി
എന്നാൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ
ലഭ്യമാക്കിയിട്ടില്ല.

## 1-17 നികുതി വരുമാന ശേഖരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം
പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെ വ്യപ്തിയും ആയതിന്
നടപടികളുടെ വിവരങ്ങൾ രേഖകളുടെയും, രജിസ്റ്റ

അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ 6/2023-ന് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 ക ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല സർചാർജുകൾ (കുടിവെള്ളം, സ്ട്രീറ്റ് ലൈറ്റ്) ചുമത്തുന്നതിനായി വരും ബജറ്റിൽ ആയത് ഉൾപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്ക നിലവിൽ സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചു.

2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിം പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട ന് നൽകിയതായി കാണുന്നില്ല.

3.കെട്ടിട നികുതി, തൊഴിൽ നികുതി പരിച്ചെടുക്കുവാൻ ( നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ക്യാ നോട്ടീസ് നൽകൽ, റവന്യു റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളി നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് ന വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ കൂട 1813964/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കൂട് പിരിച്ചെടുക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ന് നൽകിയെങ്കിലും ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ല.

4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക തീരുമാനപ്രകാരം 01.04.202 നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റി ചെയ്തതായ വിവരം തീരുമാന നമ്പർ സഹിതം ലഭ്യമാക്കിയിട്ടില്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റി പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വസ്തുനികുതി പിരിവ് പ്രത്യേക അ ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേരുന്നിട്ടില്ല.

വസ്തുനികുതി

1.100% വസ്തുനികുതി പിരിവ് കൈവരിക്കാൻ മുൻവർഷങ്ങള 23സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടി നികുതിയിനത്തിൽ കുടിശ്ശികയായി 1813964/-രൂപ പിരിചെ അവശേഷിക്കുന്നു.ആയതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജ ഉദ്യോഗതലത്തിലും ഭരണതലത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സ എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.ലേയും വാർഷിക പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E- വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് ( ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പില നടപടികൾ സ്വീകരിച്ചതായി അറിയിച്ചുവെങ്കിലും മേൽ നിരക്ക സമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ തീരു

തീയതി എന്നിവ ലഭ്യമാക്കിയില്ല.
4. മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീ റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ രേഖപ്പെടുത്തിയിട്ടില്ല.
5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾക്ക് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ വസ്തു നികുതി ഇനത്ത നൽകിയില്ലായെന്നും, നികുതി ചോർച്ച തടയുന്നതിനായി പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഉദ്യോഗസ്ഥ പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് നടത്തിയതിന്റെ വിവരംലഭ്യമാക്കിയിട്ടില്ല.

6. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകള് നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാ
7. പഞ്ചായത്തിൽ നിലവിൽ സേവനഉപനികുതി ചുമത്തുന്നില്ല. പുത നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

8. ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ചെയ്യുന്നുണ്ടെന്നും,കൂടാതെ എല്ലാ മാനുവൽ രസീതുകളും ന രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടു

9. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/സർക്കാർ കെട്ടിടങ്ങളു ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

10. കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷി

<u>തൊഴിൽനികുതി</u>

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് ന നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടി റേഷൻവ്യാപാരികൾ,മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നി നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണോ ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്ര കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക

4. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂ ആയതിനാൽ ലൈസൻസ് നൽകുന്ന വഴി പൂർണതോതിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമാകുന്നില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

6. ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ, ടി.വി.
പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാ
സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ
ചെയ്തിട്ടില്ല.

7. പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധ
കാലികമായ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

**ഓഡിറ്റ് ശുപാർശകൾ**

നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രവ
കാര്യക്ഷമമമാക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകര
വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീ
പരിശോധിച്ചതിൽ പ്രകാരം ചുവടെ വിവരിക്കുന്ന ഫയലുകളു
വിവരങ്ങൾ ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 8/23 പ്രകാരം ആവശ്യപ്പെ

1. ഭരണസമിതിയുടെ 20/5/2022- ലെ തീരുമാന പ്രകാരം കേബിൾ ഇടു
റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ 66390/- രൂപ അടവാക്കാൻ അനുവദ
തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും,

2. A1/1250/22നമ്പർ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനും,

3. JC/3663/22നമ്പർ ഫയൽ ഓഡിറ്റിന് ലഭ്യമാക്കാനും,

4. ജനറൽ കമ്മിറ്റി 8/3/2023-ലെ തീരുമാനം 2 ആയി അംഗീകരിച്ച C4/38/2
ഫയൽ പ്രകാരം മിഷൻ അന്ത്യോദയ സർവ്വെ റിസോഴ്സ് പേഴ്സൺ ത
സർവ്വെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെ
ഫയലുകളോ, വിശദീകരണമോ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയി
ആവശ്യപ്പെട്ട ഫയലുകളും, വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-78194 തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തി
നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സ
ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | നിർവഹണ ഏജൻസി/തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം (SO103/23) | 400,000 (Bill No.10/22-23 Dtd 28.9.22) | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ |
| 2 | ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് | 3,00,000/- | മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ |

| | | | |
|---|---|---|---|
| | നിർമ്മാണം ബ്ലോക്ക് വിഹിതം (S0101/23) | (Bill No.25/22-23 Dtd 23.9.22) | സമിതി |
| 3 | IKM ന് തുക നല്കൽ (SO104/23) | 81945/- (73995 Bill No.14/22-23 Dtd 28.9.22 7950 Bill No. 22/22-23 Dtd 27.3.23) | ഡയറക്ടർ, ഐ.കെ.എം |
| | **ആകെ** | **7,81,945/-** | |

7,81,945/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാ ചെലവു തുക തടസപ്പെടുത്തുന്നു.

## 1-20 തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഫെസ്റ്റിവൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നമ്പർ : 194/23

പദ്ധതിയുടെ പേര് : തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഫെസ്റ്റിവൽ

അടങ്കൽ തുക – 120000/- (തനത് ഫണ്ട്)

ചെലവ് തുക – 56580/-

ബില്ലുകൾ - 1) Ch.No.1661575/Dtd15.11.22, Amt - 30390/-
2) Ch.No.1661596/Dtd 25.1.23, Amt - 26190/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

**പദ്ധതി വിഭാവനം**

യുവജന ക്ലബ്ബുകളിൽ നിന്നും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ക ഗെയിമുകളുടെ ടീം രൂപീകരിച്ച് സെലക്ഷൻ ട്രയൽസും ചാ സംഘടിപ്പിച്ച് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും വേണ്ടി ത പദ്ധതി.

ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപറയുന്ന അ കാണുന്നു.

**1.** പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയു അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 28.5.2022 -ലെ സ. 115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഗ്രാമ പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നു ടീം രൂപീകരിച്ച് ട്ര ചാമ്പ്യൻഷിപ്പ് നടത്തേണ്ടതും, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുക ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കു

നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും ട്രയൽസ് കം ചാമ്പ്യൻഷിപ്പ് ന
രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**2.** സെലക്ഷൻ ട്രയിൽസിൽ എത്ര ടീമുകൾ/ക്ലബ്ബുകൾ പങ്കെടുത്തി
രേഖകളിൽ കാണുന്നില്ല.

**3.** പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയു
അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 28.5.2022 -ലെ സ.
115/2022/LSGD പദ്ധതി പ്രകാരം) തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പര
സർട്ടിഫിക്കറ്റും നല്കണമെന്ന് പറയുന്നുണ്ട്. എന്നാൽ പരിശീല
വിവരങ്ങൾ ഫയലിൽ കാണുന്നില്ല.

മേൽ വിഷയം ചൂണ്ടികാണിച്ച് നല്കിയ എൻക്വയറി നമ്പർ 27 ന് ട്ര
ചാമ്പ്യൻഷിപ്പ് നടത്തിയതായും, 8 ടീമുകൾ പങ്കെ
സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല
തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പരിശീലനം നല്കിയിട്ടില്ലായെന്ന
നല്കി. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയ
വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും നിർവ്വഹണഉദ്യേ
പഞ്ചായത്ത് അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഇ- ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് ലഭ്യമ

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ
നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്
ലെ ജി.ഒ.(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാം
ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫേ
നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാ
ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻ
അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്.

2022-23 വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 134140/- രൂപ ജില്ലാ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ളതാ
തുക അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൌണ്ടിലേയ്ക്ക
ചെയ്യാനുള്ള കത്ത് നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണ
2/11.09.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ഒ
സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ
സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറി
മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന്
ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ
അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ
ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ നി
പാലിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ട

(ഓഡിറ്റ് എൻക്വയറി നം. 10/12.09.2023).

## 1-22 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനി ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അ മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദു നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യ പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു രൂപീകരിക്കേണ്ടതാണ്. ദുരന്തമനുഭവിക്കുന്ന അർഹരായ വ്യക്തികൾ വരെ അടിയന്തിര സഹായം ലഭ്യമാക്കുവാൻ ചട്ടം വ്യവസ്ഥ ചെയ്യുന്ന ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് നം. 4/11.09.2023) 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളാവുന്നതാണ്.

## 1-23 പദ്ധതി നടത്തിപ്പിലെ അപാകത - 263600/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1.** പ്രോജക്ടിന്റെ പേര്/നമ്പർ - വാഴകൃഷി (വനിത) SOO49/23 (സ്പിൽ ഓവ

അടങ്കൽ തുക - 58000/- രൂപ

ചെലവ് തുക – 58000/- രൂപ (ബിൽ നമ്പർ 1/23 തീ.3.6.22)

സബ്സിഡി മാർഗ്ഗരേഖ ഖ.6.1.4 (സ.ഉ(കൈ) നം.22/2018/തസ്വഭവ പ്രകാരം കൃഷി വകുപ്പ് ഫാമുകളിൽ നിന്നോ, നാഷണൽ സീഡ് കോ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK, വിവിധ പ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എ നിന്നും വാഴക്കന്നുകൾ ഗുണമേന്മ ഉറപ്പാക്കി വാങ്ങ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ പ്രോജ പരിശോധിച്ചതിൽ, വാഴ തൈകൾ സ്വകാര്യ വ്യക്തികളിൽ വാങ്ങിയിരിക്കുന്നു. പരാമർശിത വിഷയം ചൂണ്ടികാണിച്ച് നൽകിയ നമ്പർ 40 ന് വാഴക്കന്ന് മറ്റ് കർഷകരിൽ നിന്നും വാങ്ങിയതായും, വാങ്ങിയതിനാണ് സബ്സിഡി നല്കിയിട്ടുള്ളത് എന്നാണ് സൂചിപ്പിച്ച് വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത ആകയാൽ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വാങ്ങുന്നതിനാണ് സബ്സിഡി അനുവദിക്കേണ്ടത്. ആയതിനാൽ എൻ നൽകിയ മറുപടി ഓഡിറ്റിന് അംഗീകരിക്കാവുന്നതല്ല.

**2.** പ്രോജക്ടിന്റെ പേര്/നമ്പർ - സമഗ്ര പുരയിടകൃഷി (SO128/23)
അടങ്കൽ തുക - 635200/- രൂപ
ചെലവ് തുക - 205600/- രൂപ
(ബിൽ നമ്പർ 7/23 തീ.29.3.23 Amt-12728, ബിൽ നമ്പർ 5/23 തീ.28.3.23 Amt-
നമ്പർ 6/23 തീ.29.3.23 Amt-29896/-,
ബിൽ നമ്പർ 4/23 തീ.13.3.23 Amt-58000, Ch.No.675944 തീ.30.3.23 Amt-58800/-)

പ്രസ്തുത പദ്ധതി വളം, വിത്ത് എന്നിവ കർഷകർക്ക് വിതരണം നടത്ത വിഭാവനം ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2 തീ.28.5.2022) ഖ.6.1.1(3) പ്രകാരം കൃഷിക്കാർ ജൈവവളങ്ങൾ നേ അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുന്ന മുറയ്ക അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പദ്ധതി ഫയൽ പരിശേ കൃഷിക്കാർക്ക് വളം വിതരണം ചെയ്തതിന് സബ്സിഡിയിനത്തിലെ ( സഹകരണ സംഘത്തിന് നല്കുകയാണ് ചെയ്തത്. പ്രസ്തുത വിഷയം ചൂ നൽകിയ എൻക്വയറി നമ്പർ 40 ന് സഹകരണ സംഘം വഴി വളം ന എല്ലാ കർഷകരും വളം ഉപയോഗിച്ചു എന്ന് ഉറപ്പാക്കുന്നതിന് സാധി മറുപടി നൽകിയത്. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായി 1,27,616/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം., പേര് - 274/23, LSGD Section AE ഓഫീസിലേയ്ക്ക് കംപ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി

അടങ്കൽ - 197646/- (141734/- മെയിന്റനൻസ് ഫണ്ട് റോഡിതരം,
55962/- വികസന ഫണ്ട് പൊതുവിഭാഗം സാ.ധാ)

ചെലവ് - 1,85,232/- (43498/– എ.സി.ആർ ബിൽ നം. 305/25.03.23
141734/- എ.സി.ആർ ബിൽ നം. 304/25.03.23)

പ്രോജക്ട് നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫ് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ (2 ഡെസ്ക്ടോപ്പ്, 3 വാങ്ങുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്.

എന്നാൽ 1 ലാപ്ടോപ്പ്, 2 ഡെസ്ക്ടോപ്പുകൾ, 1 പ്രിന്റർ എ ഇൻവോയിസുകളാണ് കെൽട്രോൺ ലഭ്യമാക്കിയിരിക്കുന്നത്. ആവശ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുമില്ല.

ഫയലിലെ രേഖകൾ പ്രകാരം നാളിതുവരെ 1 ലാപ്ടോപ്പ് (57,616/- രൂ ലഭ്യമായിട്ടുള്ളു (സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല). 127616/- ഉപകരണങ്ങൾ ലഭ്യമാകാനുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ CPRCS ൽ നിന്ന ഓർഡർ ന്റെ റിപ്പോർട്ട് പ്രകാരം ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവയ Status "Rejected" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടെക്നിക്കൽ

കാരണമാണ് ഇത് സംഭവിച്ചതെന്നും വാങ്ങൽ കാലയളവിന്റെ (19.10.23) കാലാവധിക്കുള്ളിൽ ടെക്നിക്കൽ ഇഷ്യൂസ് പരിഹരിച്ച് മറ്റ് ഉപ വാങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അന്വേഷണത്തിന് (നം. 41/19.09.2023) മറുപടി ലഭ്യമാക്കി.

ഡെസ്ക്ക്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമാക്കാനുള്ള സ്വീകരിക്കേണ്ടതും പ്രോജക്ട് മുഖേന ലഭ്യമായ ഉപകരണങ്ങൾ സ്റ്റോം ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ലഭ്യമാകാനുള്ള ഉപകരണങ്ങളുടെ 127616/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-25 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് ക റീസ്റ്റൊറേഷൻ ചാർജസ് ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ഉദ്യോഗസ്ഥനായി പുത്തൻകുളം കാവുങ്കൽ റോഡ് പുനരുദ്ധാര പ്രവർത്തി (156/23) റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 8,07,948/- രൂപ നടപ്പിലാക്കിയിട്ടുണ്ട്.

